പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹനമി ടാത്ത ചോദ്യം നമ്പർ 1261 13-07-2016-ൽ മറുപടിക്ക്

## മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം ഉമ്മർ | ശ്രീ. പിണറായി വിജയൻ<br>(ബഹു: മുഖ്യമന്ത്രി ) |

| | | |
|---|---|---|
| (എ) | മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവുകൾ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | കമ്മീഷന്റെ ഉത്തരവുകൾ മിക്കതും കാലതാമസമില്ലാതെ നടപ്പിലാക്കിവരുന്നുണ്ട്. എന്നാൽ ചില ഉത്തരവുകൾ ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെടുന്നതിനാൽ നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം ഉത്തരവുകൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമായി വരുന്നു. |
| (ബി) | ഉത്തരവുകൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള നടപടി ക്രമങ്ങളുടെ സങ്കീർണ്ണതയാണ് കാലതാമസം നേരിടുന്നതിനുള്ള വസ്തുതയെന്നത് പരിശോധിച്ചിട്ടുണ്ടോ; | കമ്മീഷന്റെ ചില ഉത്തരവുകൾ/ശുപാർശകൾ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നത് നടപടിക്രമങ്ങളുടെ സങ്കീർണ്ണത കൊണ്ട് മാത്രമല്ല നയപരമായ കാര്യങ്ങളിൽ കമ്മീഷൻ ശുപാർശ നടത്തുമ്പോൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് അതിനെക്കുറിച്ച് കൂടുതൽ പരിശോധിക്കേണ്ടതായി വരുന്നു. നഷ്ടപരിഹാരവും മറ്റും കൊടുക്കുവാനുള്ള ഉത്തരവുകളിൽ സത്വര |

| | | |
|---|---|---|
| | | നടപടികൾ സ്വീകരിക്കുന്നുണ്ട്. കമ്മീഷന്റെ പല ഉത്തരവുകളും നടപ്പിലാക്കേണ്ടത് ജില്ലാ ഭരണകൂടം, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളാണ്. പ്രസ്തുത ഉത്തരവുകൾ നടപ്പിൽ വരുത്തേണ്ടത് അതത് അധികാര സ്ഥാനങ്ങളാണ്. |
| (സി) | എങ്കിൽ മനുഷ്യാവകാശ കമ്മീഷൻെറ ഉത്തരവുകൾ നടപ്പിലാക്കുന്നതിന് മാത്രമായി നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | കമ്മീഷന്റെ ഉത്തരവുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്/അധികാര സ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ